പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2770 — 20.07.2011-ൽ മറുപടിയ്ക്ക്

## രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എ. അസീസ് :<br>ശ്രീ. കോവൂർ കുഞ്ഞുമോൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |

(എ) രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന പ്രകാരം ഇതുവരെ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(എ) രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന പ്രകാരം ഇടുക്കി ജില്ലയിൽ പദ്ധതി പൂർത്തിയാക്കി 17238 ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ വീടുകൾ വൈദ്യുതീകരിച്ചു.

കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് , വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ പദ്ധതി പ്രവൃത്തികൾ ആരംഭിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി സമർപ്പിച്ചിരുന്ന DPR ന് തത്വത്തിലുള്ള അനുമതി കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്.

കൂടാതെ ഇടുക്കി രണ്ടാംഘട്ട പ്രവൃത്തികൾക്കുവേണ്ടിയുള്ള DPR, ആർ.ഇ.സിയ്ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിക്കായി കേന്ദ്രസർക്കാർ 2005 മുതൽ ഓരോ വർഷവും നൽകിയ തുക എത്രയാണ് ; സംസ്ഥാന സർക്കാരിന്റെ വിഹിതം എത്രയാണ് ;

(ബി) ഈ പദ്ധതിക്കായി കേന്ദ്ര സർക്കാർ 2005 മുതൽ നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | KSEB യ്ക്ക് ലഭിച്ച തുക (ലക്ഷം രൂപ) |
|---|---|
| 2006-07 | 512.53 |
| 2007-08 | -- |
| 2008-09 | 83.51 |
| 2009-10 | 1058.609 |

| | |
|---|---|
| 2010-11 | 3189.48102 |
| ആകെ | 4844.13002 |

കേന്ദ്ര സർക്കാരിൽ നിന്നാണ് മുഴുവൻ പദ്ധതി തുകയും ബോർഡിനു ലഭിക്കുന്നത്.

(സി) പദ്ധതിയിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും ഓരോ സ്ഥാപനത്തിന്റെയും ചുമതല എന്താണെന്നും വ്യക്തമാക്കുമോ ?

(സി) റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനാണ് കേന്ദ്ര സർക്കാരിന്റെ ഈ പദ്ധതിക്കുള്ള നോഡൽ ഏജൻസി. ആർ. ഇ. സിയുടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡമനുസരിച്ച് ടേൺകീ കോൺട്രാക്ടർ വഴിയാണ് പദ്ധതി നടപ്പിലാക്കേണ്ടത്. ഇതനുസരിച്ച് പദ്ധതി നടപ്പിലായ ഇടുക്കി ജില്ലയുടെയും പദ്ധതി നടപ്പിലാക്കി വരുന്ന 6 വടക്കൻ ജില്ലകളുടെയും പദ്ധതി പ്രവൃത്തികളുടെ ചുമതലയുള്ള ടേൺ കീ കോൺട്രാക്റ്റർ കമ്പനിയുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. ഇടുക്കി | ഐ.സി.എസ്.എ ഹൈദ്രാബാദ് |
| 2. കാസർഗോഡ്<br>3. കണ്ണൂർ<br>4. കോഴിക്കോട് | ബെൻടെക് ഇലക്ട്രിക്കൽസ് & ഇലക്ട്രോണിക് പ്രൈവറ്റ് ലിമിറ്റഡ്, കൽക്കത്ത. |
| 5. വയനാട്<br>6. പാലക്കാട് | അരാവലി ഇൻഫ്രാ പവ്വർ ലിമിറ്റഡ്, ന്യൂഡൽഹി. |
| 7. മലപ്പുറം | ഈസ്റ്റ്കോസ്റ്റ് കൺസ്ട്രക്ഷൻസ്, ചെന്നൈ. |

ഈ പദ്ധതി പ്രവൃത്തികൾ വിലയിരുത്തുന്നതിനുവേണ്ടി ആർ. ഇ. സിയുടെ നിർദ്ദേശപ്രകാരം, കേന്ദ്ര പൊതുമേഖലാസ്ഥാപനമായ CPRI യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.